# ഒരു പരാതി കിട്ടിയാൽ...?

ഡോ. എം. കുര്യൻ തോമസ്

**മ**ലങ്കര സഭയെ പ്രതിക്കൂട്ടിൽ നിർത്തി സമീപ ദിവസങ്ങളിൽ *കോട്ടിട്ട ജഡ്ജിമാർ* നടത്തുന്ന മാദ്ധ്യമ വിചാരണയിൽ നിരന്തരം ഉയർന്നു കേൾക്കുന്ന ഒരു ചോദ്യമാണ് പരാതി കിട്ടിയിട്ട് എന്തുകൊണ്ടു ഉടൻ നടപടി എടുത്തില്ല എന്നത്. കുറ്റാരോപിതരായ വൈദീകരെ പരാതി ലഭിച്ച ഉടൻ *കുപ്പായം ഊരിച്ച്* നാടുകടത്താതിരുന്നത് സഭയുടെ മഹാ അപരാധമായി ആണ് ചിത്രീകരിക്കുന്നത്! മുൻവിധിയോടെ വാദിയും ന്യായാധിപനും ഒരാൾ തന്നെയാകുന്ന ഏകപക്ഷീയമായ ചാനൽ ചർച്ചകൾ മറുപടി അർഹിക്കുന്നില്ലെങ്കിലും ഈ ചോദ്യം പൊതു സമൂഹത്തിലും മലങ്കരസഭാംഗങ്ങൾക്കിടയിൽത്തന്നെയും സംശയത്തിന്റെ നിഴൽ പരത്തിയ സാഹചര്യത്തിലാണ് ഇത്തരമൊരു കുറിപ്പെഴുതാൻ നിർബന്ധിതനാകുന്നത്.

ആദ്യമെതന്നെ ഒരു കാര്യം വ്യക്തമാക്കട്ടെ. സഭയ്ക്ക് സിവിൽ-ക്രിമിനൽ അധികാരങ്ങളൊന്നുമില്ല. അവയൊക്കെ അതത് രാജ്യനിയമങ്ങൾക്കു മാത്രം വിധേയമാണ്. സഭയുടെ വിശ്വാസത്തേയും ആഭ്യന്തര കാര്യങ്ങളേയും ബാധിക്കുന്ന വിഷയങ്ങൾ മാത്രമാണ് സഭയ്ക്ക് കുറ്റവിചാരണ നടത്താവുന്നതും സഭാംഗത്തിനു ശിക്ഷ വിധിക്കാവുന്നതും. സിവിൽ-ക്രിമിനൽ സ്വഭാവങ്ങളുള്ള കുറ്റങ്ങൾ കൈകാര്യം ചെയ്യേണ്ടത് അതത് രാജ്യത്തെ നിയമവ്യവസ്ഥയ്ക്ക് അനുസൃതമായി അവിടുത്തെ നീതിന്യായസംവിധാനമാണ്. അത്തരം കാര്യങ്ങളിൽ അവരെ സമീപിക്കുന്നതിൽനിന്നും സഭ ആരെയും വിലക്കിയിട്ടില്ല.

പരാതികൾ നൽകേണ്ടതിനെപ്പറ്റിയും അവ പരിഗണിക്കേണ്ടതിനെപ്പറ്റിയും മലങ്കരസഭയ്ക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. മലങ്കരസഭാ ഭരണഘടനയുടെ 9-ാം ഭാഗം (പരാതികളും വിധികളും) 115, 116, 117 വകുപ്പുകളിലാണ് ഈ വിഷയം പ്രതിപാദിക്കുന്നത്. അവ,

*115. ഒരു അയ്മേനിയുടെയോ, ശെമ്മാശ്ശന്റെയോ, കശ്ശീശായുടെയോ പേരിലുള്ള പരാതി അവർ ഏതു മെത്രാസന ഇടവകയിൽ ഉൾപ്പെട്ടിരിക്കുന്നുവോ ആ മെത്രാസന ഇടവകയുടെ മെത്രാപ്പൊലീത്തായുടെ അടുക്കൽ വേണ്ടതാകുന്നു.*

*116. മെത്രാപ്പോലീത്താ ആ പരാതി മെത്രാസന കൗൺസിലിൽ കൊണ്ടുവരേണ്ടതും ഇരു കക്ഷികൾക്കും നോട്ടീസ് കൊടുത്ത് അവരുടെ തെളിവുകൾ വാങ്ങി വാദം കേട്ടതിനുശേഷം കൗൺസിലിലെ അംഗങ്ങളുടെ ആലോചനയോടുകൂടി തീരുമാനം ചെയ്യേണ്ടതും ആകുന്നു. ഇങ്ങനെ തീരുമാനം ചെയ്യുന്നതുവരെ യുക്തമെന്നു തോന്നുന്ന നടപടികൾ ഇടവകമെത്രാപ്പോലീത്തായ്ക്കു തനിച്ചു സ്വീകരിക്കാവുന്നതാകുന്നു.*

*117. ഇടവക മെത്രാപ്പോലീത്തായുടെ തീരുമാനത്തിന്മേൽ മലങ്കര മെത്രാപ്പോലീത്തായുടെ അടുക്കൽ അപ്പീൽ ചെയ്യാവുന്നതും അദ്ദേഹം അപ്പീൽ എപ്പിസ്കോപ്പൽ സിനഡിൽ കൊണ്ടുവരേണ്ടതും ഇരു കക്ഷികൾക്കും നോട്ടീസ് കൊടുത്ത് അവരുടെ വാദം കേട്ടതിനുശേഷം എപ്പിസ്കോപ്പൽ സിനഡിലെ അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം വിധി പ്രസ്താവിക്കേണ്ടതും ആകുന്നു. ഇതിലേക്കായി എപ്പിസ്ക്കോപ്പൽ സിനഡു കൂടുന്ന അവസരത്തിൽ മാനേജിംഗ് കമ്മറ്റിയിലെ അംഗങ്ങളിൽ ആവശ്യമെന്നു തോന്നുന്നവരെ ആലോചനക്കാരായി ക്ഷണിക്കാവുന്നതാകുന്നു...*

ഈ വകുപ്പുകൾ വ്യക്തമാക്കുന്ന നടപടിക്രമത്തെ ഇപ്രകാരം സംഗ്രഹിക്കാം.

1. ഇടവക മെത്രാപ്പോലീത്താ പരാതി ഭദ്രാസന കൗൺസിലിൽ കൊണ്ടുവരണം.
2. ഇരു കക്ഷികൾക്കും നോട്ടീസ് കൊടുക്കണം.
3. ഇരു കക്ഷികളുടേയും വാദം കേൾക്കണം.
4. കൗൺസിലിന്റെ ആലോചനയോടെ ഇടവക മെത്രാപ്പോലീത്താ തീരുമാനം എടുക്കണം.
5. തീരുമാനത്തിൽ ആക്ഷേപമുള്ള കക്ഷികൾക്ക് മലങ്കര മെത്രാപ്പോലീത്തായുടെ അടുക്കൽ അപ്പീൽ ബോധിപ്പിക്കാം.
6. അപ്പീൽ പരിഗണിക്കേണ്ടത് എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആണ്.
7. ഇരുകക്ഷികൾക്കും നോട്ടീസ് കൊടുക്കണം
8. ഇരുകക്ഷികളുടേയും വാദംകേൾക്കണം.
9. എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ ഭൂരിപക്ഷാഭിപ്രായപ്രകാരം വിധി പ്രഖ്യാപിക്കണം.

ഈ നടപടിക്രമത്തിലെ ഏറ്റവും ശ്രദ്ധേയമായ വസ്തുത, ഇടവക മെത്രാപ്പോലീത്തായ്ക്കോ മലങ്കര മെത്രാപ്പോലീത്തായ്ക്കോ ഏകപക്ഷീയമായി തീരുമാനം എടുക്കാനാവില്ല എന്നതാണ്. യേശുക്രിസ്തുതന്നെ ഇത് *...ഞാൻ വിധിച്ചാൽ എന്റെ വിധി സത്യമായിരിക്കും. എന്തെന്നാൽ ഞാൻ തനിച്ചല്ല; പിന്നെയോ ഞാനും എന്നെ അയച്ച പിതാവും കൂടിയാണ്. രണ്ടുപേരുടെ സാക്ഷ്യം സത്യമായിട്ടുള്ളതത്രെയെന്നു നിങ്ങളുടെ ന്യായപ്രമാണത്തിലും എഴുതപ്പെട്ടിരിക്കുന്നു...*(യോഹ. 8. 16-7 പശീത്താ) എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതേപോലെ അപ്പീലിനുള്ള അവസരവും പ്രാധാന്യമുള്ളതാണ്. സഭാ ഭരണഘടന 107-ാം വകുപ്പനുസരിച്ച് വിശ്വാസം, പട്ടത്വം, അച്ചടക്കം, (Faith, Order, Discipline) എന്നിവ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ മാത്രം അധികാര പരിധിയിൽ വരുന്ന വിഷയമായതിനാൽ സുന്നഹദോസ് എടുക്കുന്ന അച്ചടക്ക നടപടി

അന്തിമമായിരിക്കും എന്ന് വ്യക്തം.

മലങ്കരസഭയിൽ ഒരു എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിലവിൽ വരുന്നതിനു മുമ്പുതന്നെ അപ്പീലും പുനർവിചാരണയും അനുവദിച്ച് നീതി ഉറപ്പാക്കിയിരുന്നു. 1853-ലെ *ചട്ടവര്യോല* ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. *...18-മത. ആരുടെ പെരിൽഎങ്കിലും ആവലാധി വന്നാൽ, കാർയ്യത്തിന്റെ വലിപ്പത്തിന്ന തക്കവണ്ണം, ഒന്നൊരണ്ടൊ വിഗാരി മുഖാന്തിരമായി വിചാരണ ചെയ്ച, കുറ്റത്തിന്ന തക്കവണ്ണം വിധി കല്പിയ്ക്കണം. സങ്കടക്കാരൻ വിചാരണക്കാററുടെ പെരിൽ അക്ഷെപം ബൊധിപ്പിച്ചാൽ, മറ്റു വിഗാരിമാരെകൊണ്ട വിചാരണ കഴിപ്പിയ്ക്കണം. ൦രം രണ്ടു വിചാരണയും ശരിയായിരുന്നാൽ പിന്നീട വിചാരണയ്ക്ക കല്പ്പിപ്പാൻ ആവശ്യംമില്ല. ൦രം രണ്ടു വിചാരണയും രണ്ടായിരിക്കയും, സങ്കടക്കാരന അടക്കംവരാതെ തീരുകയും ചെതാൽ, 3-ാം വിചാരണയ്ക്ക കല്പന കൊടുക്കണം. ഇതിന്മണ്ണം വിചാരണ ചെയുമ്പൊൾ, രണ്ടു വിചാരണ ശരിയായിട്ട വരുന്നതാകകൊണ്ട, അതിനെ അനുസരിച്ച വിധി കല്പിയ്ക്കണം. ൦രം വിചാരണക്കാർക്ക വെണ്ടുന്ന ചിലവ ആവലാധിക്കാരൻ കൊടുക്കണം...* എന്ന വകുപ്പിൽനിന്നും *മൂന്നിൽരണ്ട് ഭൂരിപക്ഷം* എന്ന ലോകനീതി അന്ന് സഭ അംഗീകരിച്ചിരുന്നു എന്നു വ്യക്തമാകുന്നു.

ഭദ്രാസന കൗൺസിലിനു വേണ്ടിയോ, എപ്പിസ്ക്കോപ്പൽ സുന്നഹദോസിനു വേണ്ടിയോ ഒരു കമ്മീഷനെ നിയമിച്ച് വിചാരണയും തെളിവെടുപ്പും നടത്തരുതന്നു സഭാ ഭരണഘടന വിലക്കുന്നില്ല. കൂടുതൽ സുതാര്യമായ പ്രക്രിയ അതാണ്. പക്ഷേ അത്തരം കമ്മീഷനുകൾക്ക് വിധി പ്രഖ്യാപിക്കുവാനുള്ള അധികാരമില്ല. വസ്തുതകൾ ഭദ്രാസന കൗൺസിൽ/എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മുമ്പാകെ റിപ്പോർട്ടു ചെയ്യാൻ മാത്രമാണ് അവർക്ക് അധികാരമുള്ളത്.

പരാതികളുടെ പരിശോധനയിലും തുടർനടപടികളിലും ഇരുകക്ഷികൾക്കും സ്വാഭാവികനീതി ഉറപ്പാക്കുന്നതിൽ മലങ്കര സഭ എക്കാലത്തും ജാഗ്രത പുലർത്തിയിരുന്നു. പരാതികളിൽ അന്വേഷണം, അന്വേഷണ കമ്മീഷൻ, വിചാരണ എന്നീ വിഷയങ്ങളെപ്പറ്റി 1898-ൽ പ. പരുമല തിരുമേനി അയച്ച മൂന്നു കല്പനകൾ ഉദാഹരണമായെടുക്കാം.

*...മീനം 8. നമ്പ്ര 170. വീയാപുരം മുറിയിൽ കന്നിമേൽ കോണിൽ ഈഴവ കേശവൻ കുമാരൻ തന്റെ ഈഴത്തിയെ കുന്നത്തു കിഴക്കേതിൽ അവുസേപ്പ് അന്യായമായി കൊണ്ടുപോയി പാർപ്പിച്ചിരിക്കുന്നു എന്നുംമറ്റും ഇന്നേ ദിവസവും ബോധിപ്പിച്ചിരിക്കുന്ന ഹർജിയും 4-നു ബോധിപ്പിച്ച ഹർജിയും കൂടിവിചാരണ നടത്തി ശനിയാഴ്ചയ്ക്കകം വിചാരണകളും ഹർജികളും തിര്യെ അയക്കണമെന്നു ഹർജിപ്പുറത്ത് ഇണ്ടാസ് ചെയ്ത് എരുതോടു പള്ളിയിൽ വിഗാരിക്കു അയച്ചു. കരുവാറ്റാ പള്ളിയിൽ നിന്നും...*

*...ചിങ്ങം 7. നമ്പ്ര 15. വാഗത്താനത്തു പള്ളി ഇടവകയിൽ ... ബോധിപ്പിച്ച ഹർജ്ജിയിൽ പറഞ്ഞിരിക്കുന്നപ്രകാരം ഉള്ളവകൾ സത്യമൊ എന്നും ആയതു യോഗ്യമായവിധത്തിൽ തീർച്ച വരുത്തി റിപ്പോർട്ടു സഹിതം ഹർജ്ജി തിരികെ അയക്കുന്നതിനു കാട്ടിൽ ഗീവറുഗീസു കത്തനാർക്കും ഓണാട്ടു പുന്നനും കാട്ടിൽ പുന്നനും പഴയാറ്റുംകൽ ചെറിയയ്ക്കും കൂടി പുതുപ്പള്ളി പള്ളിയിൽ നിന്നും എഴുതി അയച്ചു...*

ആദ്യത്തെ കല്പനയിൽ പള്ളിയോഗത്തെയും, രണ്ടാമത്തതിൽ നാലു വ്യക്തികളേയുമാണ് കമ്മീഷനായി വയ്ക്കുന്നത്. വിചാരണ നടത്തുന്നതു സംബന്ധിച്ചാണ് അടുത്ത കല്പന

*...ഇടവം 12. നമ്പ്ര 248. മുൻ 221-ാം നമ്പ്രായി അയച്ച സാധനത്തിലെ സംഗതികളെക്കുറിച്ച വാദമുണ്ടായതിനാൽ ആ സംഗതികളെക്കുറിച്ചു കേട്ടു തീരുമാനിക്കേണ്ടതിലെക്കായി പട്ടക്കാർ ഇരുവരും ശേഷം വേണ്ടപ്പെടുന്നവരും വരുന്ന തിങ്കളാഴ്ച വീയപുരത്തു പള്ളിയിൽ ഹാജരാകുന്നതിനു എഴുതി അയച്ചു...*

ഇതൊക്കയും വ്യക്തമാക്കുന്നത് ലോകനീതി അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് എക്കാലത്തും മലങ്കരസഭ പരാതികളിൽ തീർപ്പു കല്പിച്ചിരുന്നത് എന്നാണ്.

*സ്വാഭാവിക നീതി* (natural justice) എന്നത് പരാതികളിന്മേലുള്ള തുടർനടപടികളിൽ അത്യന്താപേഷിതമായ ഒന്നാണ്. ലോകത്ത് എല്ലാ നീതിന്യായവ്യവസ്ഥകളും ഇത് ഊന്നിപ്പറയുന്നുണ്ട്. അതിന്റെ സുപ്രധാനഘടകം കുറ്റാരോപിതന് (accused) തന്റെ ഭാഗം വിശദീകരിക്കാനുള്ള അവസരം കൊടുക്കണം എന്നുള്ളതാണ്. അതിന് ഒന്നാമതായി, നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുമാത്രമേ വിചാരണയും വിധിപ്രഖ്യാപനവും നടത്താവൂ. രണ്ടാമതായി, ആരോപിതമായ കുറ്റത്തെക്കുറിച്ച് കുറ്റാരോപിതനെ അറിയിക്കണം. മൂന്നാമതായി ആരോപണങ്ങളും തെളിവുകളും പരിശോധിക്കുവാനും തന്റെ ഭാഗം വിശദീകരിക്കുവാനും എതിർ തെളിവുകൾ ഉണ്ടെങ്കിൽ അവ ഹാജരാക്കുവാനും ആരോപിതന് അവസരം കൊടുക്കണം. അതിനുശേഷം മാത്രമേ വിധിപ്രസ്ഥാവനയിലേയ്ക്കും ശിക്ഷയിലേയ്ക്കും കടക്കാനാവൂ. അല്ലാത്തപക്ഷം സ്വാഭാവിക നീതി നിഷേധിക്കപ്പെട്ടു എന്ന കാരണത്താൽ അത്തരം ശിക്ഷാവിധികൾ അസാധുവാകും.

സഭാഭരണഘടന കൂടാതെ മലങ്കരസഭ, ആത്മീയ കാര്യങ്ങളിൽ നിയമസംഹിതയായി അംഗീകരിച്ചിരിക്കുന്ന ഹൂദായ കാനോനും സ്വാഭാവിക നീതി അംഗികരിച്ചിട്ടുണ്ട്. *...സ്വീകാര്യരായ വിശ്വാസികളാൽ കുറ്റമാരോപിക്കപ്പെടുന്ന എപ്പിസ്ക്കോപ്പായെ എപ്പിസ്ക്കോപ്പാമാർ വിളിക്കുകയും, കുറ്റം സമ്മതിച്ചാൽ ശാസിച്ച് ശിക്ഷ നിശ്ചയിക്കുകയും ചെയ്യണം. വന്നില്ലെങ്കിൽ രണ്ട് എപ്പിസ്കോപ്പന്മാരെ അയച്ച് രണ്ടാമതും മൂന്നാമതും വിളിപ്പിക്കുകയും ഇങ്ങനെ ചെയ്തിട്ടും ധിക്കരിച്ചാൽ മുടക്കുകയും ചെയ്യണം.* (ഹൂദായ 7: 2, ശ്ലീഹന്മാർ 77) ഒരാളുടെ മാത്രം സാക്ഷിമൊഴിയുടെ അടിസ്ഥാനത്തിൽ ശിക്ഷിക്കരുതെന്നും അനുശാസിക്കുന്നുണ്ട് (ശ്ലീഹന്മാർ 77) തെളിവെടുപ്പും വിചാരണയും അടക്കം സ്വാഭാവിക നീതിയുടെ ചട്ടങ്ങൾ പാലിക്കണമെന്നു തന്നെയാണ് കാനോൻ നിയമം.

മോശയുടെ ന്യായപ്രമാണത്തിൽ (Mosaic law) *...മനുഷ്യൻ ചെയ്യുന്ന അകൃത്യത്തിനോ പാപത്തിനോ അവന്റെ*

*നേരെ ഒറ്റ സാക്ഷിമാത്രം പോര. രണ്ടോ മൂന്നോ സാക്ഷികളുടെ വാമൊഴിയാൽ കാര്യം ഉറപ്പാക്കണം* (ആവ. 19: 15 പശീത്താ)... എന്ന് ഇതു വ്യക്തമാക്കിയിട്ടുണ്ട്. പൗലൂസ് ശ്ലീഹാ ഇതുതന്നെ ആവർത്തിക്കുന്നു. *...രണ്ടുമൂന്നു സാക്ഷികളുടെ വായ്മൊഴിയാൽ ഏതുകാര്യവും ഉറപ്പാകും എന്നു ഞാൻ നിങ്ങളോട് പറഞ്ഞിട്ടുണ്ടായിരുന്നു...*(2 കോരി. 13: 1. പശീത്താ), *...രണ്ടോമൂന്നോ സാക്ഷികളുടെ തെളിവാല്ലാതെ കശ്ശീശയുടെമേലുള്ള കുറ്റാരോപണം നീ സ്വീകരിക്കരുത്...*(1. തീമോ 5: 19 പശീത്താ) എന്നിങ്ങനെയാണ് അദ്ദേഹത്തിന്റെ നിർദ്ദേശം. ഇവയെ അവഗണിച്ച് സഭയ്ക്ക് ഒരു നടപടിയും എടുക്കാനാവില്ല.

സ്വാഭാവിക നീതി ലംഘിച്ചു നടത്തുന്ന യാതൊരു ശിക്ഷണ നടപടിയും നിയമദൃഷ്ട്യാ നിലനിൽക്കുകയില്ല. അതിന്റെ ഏറ്റവും നല്ല ഉദാഹരണം പ. വട്ടശ്ശേരിൽ തിരുമോനിയുടെ മുടക്കാണ്. 1911 ജൂൺ 8-നു വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്തായെ അന്ത്യോഖ്യയുടെ ഇഗ്നാത്തിയോസ് അബ്ദുള്ള ദ്വിതീയൻ പാത്രിയർക്കീസ് വിവിധ കാരണങ്ങൾ പറഞ്ഞു മുടക്കി. ഈ മുടക്കിനെ സംബന്ധിച്ച് 1913-ൽ ആരംഭിച്ചതും *വട്ടിപ്പണക്കേസ്* എന്നറിയപ്പെടുന്നതുമായ വ്യവഹാര പരമ്പരയിലെ (തിരുവനന്തപുരം ജില്ലാകോടതിയിൽ 1088-ൽ ഒ.എസ്. നമ്പർ 94) ഒരു പ്രധാന വിഷയം സ്വാഭാവിക നീതിയുടെ ലംഘനമായിരുന്നു. മുടക്കിനു മുമ്പ് പ. വട്ടശ്ശേരിൽ തിരുമേനിയെ ആരോപണങ്ങൾ അറിയിക്കുകയോ, തന്റെ ഭാഗം വിശദീകരിക്കുവാൻ അവസരം നൽകുകയോ ചെയ്തില്ല എന്ന വസ്തുത ഗൗരവമുള്ളതായി ആണ് കോടതി നിരീക്ഷിച്ചത്. മുടക്ക് അസാധുവാക്കി തിരുവിതാംകൂർ ഹൈക്കോടതിയിലെ റിവ്യൂ ഹർജിയിൽ 1923 മാർച്ച് 23-ന് ആ കേസിന്റെ അന്തിമ വിധി ഉണ്ടായി. ആരോപിതന് തന്റെ ഭാഗം വിശദികരിക്കത്തക്ക അവസരങ്ങൾ നൽകിയില്ല എന്ന സ്വാഭാവികനീതിയുടെ ലംഘനമാണ് ഇപ്രകാരം ഒരു വിധി പ്രസ്താവിക്കുന്നതിന് ഹേതുവായി തീർന്നത്. വിധികർത്താവിന് നേരിട്ട് അറിവുള്ള കാര്യമാണങ്കിൽ പോലും അത് വിചാരണയുടെ ആവശ്യകതയെ തടയുന്നില്ല എന്നും ആ കേസിൽ കോടതി നിരീക്ഷിച്ചു.

സഭാ സംവിധാനത്തിൽ എടുക്കുന്ന നടപടികളിൽ അവയുടെ ചട്ടക്കൂടുകൾ പാലിക്കാതിരിക്കുകയോ കക്ഷികൾക്ക് സ്വാഭാവിക നീതി നിഷേധിക്കുകയോ ചെയ്താൽ രാജ്യത്തെ സിവിൾ കോടതികളിൽ പരാതിപ്പെടാം. സ്വാഭാവികനീതിയെ അതീവ ഗൗരവത്തോടെ കാണുന്ന രാജ്യമാണ് ഇന്ത്യ. പ്രതിക്കും തന്റെ ഭാഗം വ്യക്തമാക്കാൻ അവസരം നൽകണമെന്നത് ഇന്ത്യൻ നീതിന്യായ വ്യവസ്ഥയ്ക്ക് നിർബന്ധമുണ്ട്. അതിനാലാണ് ഗതിയില്ലാത്ത പ്രതികൾക്ക് കോടതിച്ചിലവിൽ വക്കീലിനെ (legal aid) വെച്ചുകൊടുക്കുന്നത്.

ഈ നടപടിക്രമങ്ങൾ നിയമപരമായി ഒഴിവാക്കാനുള്ള ഏക മാർഗ്ഗം ആരോപിതൻ കുറ്റസമ്മതം നടത്തുക എന്നതു മാത്രമാണ്. *കാടൻ നീതിന്യായം* എന്നറിയപ്പെടുന്ന പഴയകാലത്തെ നമ്പൂതിരി സ്ത്രീകളുടെ *സ്മാർത്തവിചാര*ത്തിൽ ചെയ്തിരുന്നത് ഇതാണ്. കുറ്റാരോപിതയെ ഏതുവിധത്തിലും സമ്മർദ്ദത്തിലാക്കി കുറ്റം സമ്മതിപ്പിക്കുക. അങ്ങിനെ വിചാരണ ഒഴിവാക്കുക. സഭയ്ക്ക് അങ്ങിനെ ചെയ്യാനാവില്ലല്ലോ.

ഒരു പരാതി ലഭിച്ചാൽ ആദ്യം കുറ്റാരോപിതന് മലങ്കര മെത്രാപ്പോലീത്താ രേഖാമൂലം നോട്ടീസ് നൽകണം. അതിൽ ആരോപിതമായ കുറ്റം വ്യക്തമാക്കുകയും രേഖാമൂലമുള്ള വിശദീകരണം നിശ്ചിത സമയത്തിനുള്ളിൽ നൽകാൻ ആവശ്യപ്പെടുകയും ചെയ്യണം. മറുപടി നൽകാതിരിക്കുകയോ, നോട്ടീസ് നൽകാനുള്ള അധികാരത്തെ ചോദ്യം ചെയ്തോ, ധിക്കാരപരമായോ മറുപടി നൽകുകയോ ചെയ്താൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന് തുടർനടപടികൾ കൂടാതെ ശിക്ഷണ നടപടികൾ സ്വീകരിക്കാം. അപ്രകാരമുള്ള ശിക്ഷണ നടപടി ആരോപിതനെ രേഖാമൂലം അറിയിക്കുകയും പൊതുകൽപ്പനവഴി മുഴുവൻ സഭയിൽ പ്രസിദ്ധീകരിക്കുകയും വേണം. പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമന്റെ 2010 സെപ്റ്റംബർ 10-ലെ 483/10 നമ്പർ കൽപ്പന, മറുപടി നൽകാത്ത സാഹചര്യത്തിലും പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയന്റെ 2010 ഡിസംബർ 8-ലെ 86/2010 നമ്പർ കൽപ്പന *നിഷേധാത്മകവും ധിക്കാരപരവുമായ* മറുപടി ലഭിച്ച സാഹചര്യത്തിലും, എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയപ്രകാരം രണ്ടു വൈദീകരെ സഭയിൽ നിന്നു പുറത്താക്കിയവയാണ്. ഇത്തരം സാഹചര്യങ്ങളിൽ സഭ എടുക്കുന്ന നടപടിക്രമത്തിന്റെ ഉദാഹരണങ്ങളാണവ.

മറിച്ച്, ആരോപിതർ അന്വേഷണത്തോട് സഹകരിക്കുകയും, ഉചിതമായ മറുപടി നൽകുകയും ചെയ്താൽ നടപടിക്രമങ്ങൾ തുടർന്നേപറ്റു. വാദി ഹാജരാക്കിയ തെളിവുകൾ പരിശോധിക്കുവാനും എതിർ തെളിവുകളും സാക്ഷികളേയും ഹാജരാക്കുവാനും ആരോപിതന് അവകാശമുണ്ട്. അതേപോലെ അവയെ പ്രതിരോധിക്കുവാൻ വാദിക്കും അവകാശമുണ്ട്. ഇവയ്ക്ക് അവസരം നൽകുവാനും അവ പരിഗണിക്കുവാനും സുന്നഹദോസിന് ബാദ്ധ്യതയുണ്ട്. വിഷയത്തിൽ വിദഗ്ദോപദേശം തേടുവാൻ മലങ്കരസഭാ ഭരണഘടനപ്രകാരം എപ്പിസ്ക്കോപ്പൽ സുന്നഹദോസിന് അവകാശമുണ്ട്. ഈ പ്രക്രിയ പൂർത്തിയാക്കി മാത്രമേ ഇത്തരം സാഹചര്യത്തിൽ സുന്നഹദോസ് നിശ്ചയപ്രകാരം ഒരു വിധി പ്രഖ്യാപിക്കുവാൻ മലങ്കര മെത്രാപ്പോലീത്തായ്ക്ക് അധികാരമൊള്ളു. ഈ പ്രക്രിയ ഒറ്റദിവസംകൊണ്ട് പൂർത്തിയാക്കാവുന്നതല്ല എന്ന് ആർക്കും ബോദ്ധ്യമാവും.

ഒരു പരാതി ലഭിച്ചാൽ മെത്രാപ്പോലീത്തായ്ക്ക് ഉടൻ തനിച്ചു ചെയ്യാവുന്നത് ഭരണഘടനയുടെ 116-ാം വകുപ്പനുസരിച്ച് അന്തിമ തീരുമാനം ഉണ്ടാകുന്നതുവരെ കുറ്റാരോപിതനെ ചുമതലകളിൽനിന്നും ഒഴിച്ചു നിർത്തുക എന്നതു മാത്രാണ്. (ഔദ്യോഗിക ഭാഷയിൽ, *അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുക*) പക്ഷേ അപ്പോഴും ആരോപിതൻ സഭാംഗം അല്ലാതാകുന്നില്ല. രാജ്യത്തിന്റെ നിയമപ്രകാരം ശിക്ഷ ലഭിച്ച ഒരു കൊലപാതകിയെപ്പോലും അക്കാരണത്താൽമാത്രം സഭയിൽനിന്നും പുറത്താക്കാനാവില്ല. ഉദാഹരണത്തിന് ഒരു വൈദീകന്റെ പേരിൽ ഗുരുതരമായ ആരോപണങ്ങളോടെ പരാതി ലഭിച്ചപ്പോൾ 2007 ജൂൺ 22-നു പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ അദ്ദേഹത്തിനു നൽകിയ 158-ാം നമ്പർ നിരോധന കൽപ്പന എടുക്കാം. *നമുക്ക് എത്രയും പ്രിയപ്പെട്ടിരിക്കുന്ന നമ്മുടെ... കത്തനാർക്ക് വാഴ്വ്* എന്നാരംഭിക്കുന്ന കൽപ്പനയിലെ പ്രസക്ത ഭാഗം.

*...ആകയാൽ പ. സഭയുടെ പൊതു താൽപ്പര്യത്തെ മാനിച്ചുകൊണ്ട്, അടുത്തുവരുന്ന എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുന്നതുവരെ, പൗരോഹിത്യത്തിനടുത്ത എല്ലാ ശുശ്രൂഷകളിൽനിന്നും പ്രിയനെ നാം നിരോധിച്ചിരിക്കുന്നു. പ. സഭയുടെ ഒരു ദേവാലയത്തിലും ഒരു പട്ടക്കാരൻ ചെയ്യേണ്ടതായ യാതൊരു കൂദാശാനുഷ്ഠാനങ്ങളും പ. സുന്നഹദോസ് തീരുമാനം ഉണ്ടാകുന്നതുവരെ പ്രിയൻ ചെയ്യുവാൻ പാടുള്ളതല്ല...* ഒരു പരാതി ലഭിച്ചാൽ സഭയ്ക്ക് ഉടനടി പരമാവധി ചെയ്യാവുന്നത് ഇതുമാത്രമാണ്.

കുറ്റം തെളിയുന്നതുവരെ ഒരാൾ *കുറ്റാരോപിതൻ* (accused) മാത്രമാണ്. അതുവരെ അയാളെ *കുറ്റവാളി* (convict) എന്നു മുദ്രകുത്താൻ പാടില്ല. അതാണ് നിയമശാസ്ത്രം (*juries prudence*). കാനോൻ അനുസരിച്ചും, സഭാ ഭരണഘടന അനുസരിച്ചും, രാജ്യത്തിന്റെ നിയമങ്ങൾ അനുസരിച്ചും, അതിനേക്കാൾ ഒക്കെ ഉപരി, സ്വാഭാവിക നീതി അനുസരിച്ചും കൃത്യമായ നടപടിക്രമങ്ങൾ (procedure) പാലിച്ചുള്ള തെളിവെടുപ്പും വിചാരണയും കഴിച്ച് വിധി പ്രഖ്യാപിച്ചില്ലെങ്കിൽ ബന്ധപ്പെട്ട കക്ഷികൾക്ക് സിവിൾ കോടതിയെ സമീപിക്കാം. സഭാനിയമത്തിൽ ഒരുപക്ഷേ കോടതിക്ക് ഇടപെടാൻ സാധിച്ചില്ലന്നുവരാം. പക്ഷേ അതിന്റെ തന്നെ നടപടിക്രമം ലംഘിക്കുകയോ സ്വാഭാവിക നീതി നിഷേധിക്കുകയോ ചെയ്താൽ ആ കാരണങ്ങളാൽ മാത്രം ശിക്ഷണ നടപടികൾ റദ്ദു ചെയ്യാൻ സിവിൾ കോടതിയ്ക്കു സാധിക്കും. ഇപ്പോഴത്തെ ആൾക്കൂട്ട ആക്രോശങ്ങൾക്ക് വിധേയമായി സഭ എടുത്തുചാടിയാൽ ആത്യന്തികമായി സംഭവിക്കുന്നത് അതാവും.

ആദ്യം പറഞ്ഞത് ഒന്നുകൂടി ആവർത്തിക്കട്ടെ, സഭയ്ക്ക് സിവിൾ-ക്രിമിനൽ അധികാരങ്ങളില്ല. അവ രാജ്യ നിയമത്തിനു കീഴിലാണ്. സഭയുടെ പരിധിയിൽ വരുന്നത് കാനോൻ നിയമത്തിനു കീഴിൽ വരുന്ന വിഷയങ്ങൾ മാത്രമാണ്. മാദ്ധ്യമ വിചാരണകളിൽനിന്നു ലഭിക്കുന്ന വിവരങ്ങൾ അനുസരിച്ച് ഇപ്പോൾ പ്രസക്തമായ പരാതിയിൽ (ഈ പരാതി ഈ ലേഖകൻ കണ്ടിട്ടില്ല; കാണാൻ സാദ്ധ്യതയുമില്ല) രണ്ടു വിഷയങ്ങൾ മാത്രമാണ് സഭയ്ക്ക് പരിഗണിക്കാനുള്ളത്. അവ:

1. വൈദീകർ കുമ്പസാര രഹസ്യം ദുരുപയോഗം ചെയ്തു.
2. വൈദീകർ പരസ്ത്രീഗമനം നടത്തി.

ഇവ രണ്ടും കാനോൻ നിയമമനുസരിച്ച് അതീവ ഗുരുതരമായ കുറ്റങ്ങളാണ്. അവയെ അതേ ഗൗരവത്തോടെ സഭയ്ക്ക് പരിഗണിച്ചേ പറ്റു. കാരണം ഇവ രണ്ടും സഭയുടെ അടിസ്ഥാന നിയമങ്ങളുമായി ബന്ധപ്പെട്ടവയാണ്. അക്കാര്യങ്ങളിൽ ആരോപണം ഉയർന്ന സ്ഥിതിക്ക് എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഗൗരവമായി ഇടപെട്ടേ പറ്റു. കാരണം അവ സഭയുടെ നിലനിൽപ്പിനെ ബാധിക്കുന്ന പ്രശ്നങ്ങളാണ്.

ഒന്നാമത്തെ വിഷയം കുമ്പസാര രഹസ്യം ദുരുപയോഗം ചെയ്യുന്നതു സംബന്ധിച്ചാണ്. മലങ്കരസഭാ ഭരണഘടനയുടെ നാലാം വകുപ്പ് അനുസരിച്ച് *...ഏഴു കൂദാശകളുടെ കർമ്മങ്ങൾ, നോമ്പ് മുതലായി നിയമാനുസരണമുള്ള അനുഷ്ഠാനങ്ങൾ എന്നിവയിലും വിശ്വാസമുള്ളവരും അവയെ അനുഷ്ഠിക്കേണ്ട ബാദ്ധ്യത സ്വീകരിച്ചിട്ടുള്ളവരും ആയ എല്ലാ സ്ത്രീപുരുഷന്മാരും ഈ സഭയിലെ അംഗങ്ങൾ ആയിരിക്കുന്നതാകുന്നു...* ഒരു സാധാരണ വിശ്വാസിയെ സംബന്ധിച്ച് സ്വന്തപാപങ്ങൾ വൈദീകന്റെ മുമ്പാകെ ഏറ്റു പറഞ്ഞ് അദ്ദേഹത്തിൽനിന്നും പാപമോചനം പ്രാപിക്കുന്നതിൽ ഈ വിശ്വാസ പ്രഖ്യാപന *ബാദ്ധ്യത* അവസാനിക്കുന്നു. പക്ഷേ ഒരു വൈദീകനെ സംബന്ധിച്ച്. കുമ്പസാര രഹസ്യം വെളിപ്പടുത്താതിരിക്കുന്നതും അതു ദുരുപയോഗം ചെയ്യാതിരിക്കുന്നതും കൂടി ഈ ഭരണഘടനാ വകുപ്പുപ്രകാരം സഭാംഗത്വത്തിനുള്ള അടിസ്ഥാന യോഗ്യതയിൽ ഉൾപ്പെടും. അവ ലംഘിച്ചാൽ അവരുടെ സഭാംഗത്വം നഷ്ടപ്പെടും. കാരണം, കുമ്പസാരത്തെക്കുറിച്ചുള്ള സഭാ നിയമം ഏകപക്ഷീയമല്ല. കുമ്പസാരപിതാവിന് - അതായത് വൈദീകന് - പാപമോചനത്തിൽ വിശ്വസിക്കുന്നു എന്ന വിശ്വാസംകൊണ്ടുമാത്രം സഭാംഗത്വം നിലനിർത്താനാവില്ല. കുമ്പസാര രഹസ്യം വെളിപ്പടുത്താതിരിക്കുന്നതും അതു ദുരുപയോഗം ചെയ്യാതിരിക്കുന്നതും കൂടി തന്റെ വിശ്വാസസത്യമായി പരിഗണിച്ച് അവ അനുഷ്ഠിച്ചില്ലങ്കിൽ തീർച്ചയായും വൈദീകർ സഭയ്ക്ക് ഇതരരാകും. അതിനാൽ ഇത്തരമൊരാരോപണം സുന്നഹദോസിനു ഗൗരവമായി പരിഗണിച്ചേ പറ്റൂ.

അടുത്ത വിഷയം പുരോഹിതരുടെ പരസ്ത്രീ സംഗമമാണ്. ഇതും സഭയെ സംബന്ധിച്ച് അതീവ ഗൗരവമായ ഒരു പ്രശ്നമാണ്. പുരോഹിതന്റെ പരസ്ത്രീ സംഗമം സഭാംഗത്വം വരെ നഷ്ടമാക്കുന്ന പാപമായാണ് ഹൂദായ കാനോൻ പരിഗണിക്കുന്നത് (ഹൂദായ. 4:3 ഉറഹായിലെ യാക്കോബ്, ഹൂദായ. 7:4 ശ്ലീഹന്മാർ 28, നിഖ്യാ 3, ബസേലിയോസ് റാബോ, നെവോകൈസറിയാ 1, 9, ഹൂദായ. 7:5, ശ്ലീഹന്മാർ 16, 17 മുതലായവ) ഇതും സഭയ്ക്ക് പരിഗണിക്കാതിരിക്കാൻ നിവൃത്തിയില്ല.

വൈദീകരെ സംബന്ധിച്ച് ഇപ്പോൾ ഉയരുന്ന ആരോപണങ്ങൾ സഭ ഗൗരവമായി എടുത്തേ പറ്റൂ. കാരണം ഇവ അത്യപൂർവമാണങ്കിലും അവ പുരോഹിത നിർമിതിയേയും (priestly formation) ആത്യന്തികമായി സഭയുടെ കെട്ടുറപ്പിനേയും ബാധിക്കുന്ന വിഷയമാണ്. അവയെ അതീവ ഗൗരവത്തോടെ തന്നെ പരിഗണിക്കണം. അതിനുള്ള അധികാരം സഭാ ഭരണഘടനയനുസരിച്ച് എപ്പിസ്ക്കോപ്പൽ സുന്നഹദോസിനു മാത്രമാണ്. പക്ഷേ അതൊരു ദീർഘമായ പ്രക്രിയയാണ്. കൃത്യമായും കാനോൻ - സഭാ - രാജ്യ - സ്വാഭാവികനീതി - നിയമങ്ങൾ ആ പ്രക്രിയയിൽ പാലിച്ചേ പറ്റു. ഇപ്പോൾ ഈ വിഷയത്തിൽ സഭാപരമായ അന്വേഷണം കൂടാതെ പോലീസ് അന്വേഷണവും സമാന്തരമായി നടക്കുന്നുണ്ട്. സഭയുടെ അന്വേഷണം ഒരുവീധത്തിലും പോലീസ് അന്വേഷണത്തെ ബാധിക്കില്ല. പക്ഷേ പോലീസ് അന്വേഷണത്തിന്റെ ഫലം സഭയുടെ ആഭ്യന്തര അന്വേഷണ സംഘത്തിനു പരിഗണിച്ചേ പറ്റൂ. കാരണം, അനുകൂലമായോ പ്രതികൂലമായോ ലഭിക്കുന്ന ഏതു തെളിവും വേദ - കാനോൻ നിയമമനുസരിച്ച് പരിഗണിക്കണം. കൂടുതൽ സൗകര്യങ്ങളും നിയമ പരിരക്ഷയുമുള്ള പോലീസിന് സഭയുടെ കമ്മീഷനനേക്കാൾ എത്രയോ അധികം വിവരം ലഭിയ്ക്കാനുള്ള അവസരങ്ങളുണ്ട്. സഭയ്ക്ക് അവ അവഗണിക്കാനാവില്ല. ചുരുക്കത്തിൽ, സിവിൽ അധികാരികളുടെ അന്വേഷണഫലം, സഭാ കമ്മീഷനുകളിൽ നിർണ്ണായകമായ ഒരു തെളിവായിരിക്കും എന്നു സാരം.

മുകളിൽ പറഞ്ഞതുപോലെ അതീവ ഗുരുതരമായ ആരോപണങ്ങളാണ് ഇപ്പോൾ ഈ വൈദീകരുടെമേൽ ചുമത്തിയിട്ടുള്ളത്. അതിനാൽത്തന്നെ പോലീസ് അന്വേഷണം അവസാനിച്ചാലും സഭയുടെ അന്വേഷണം പൂർത്തീകരിക്കാതിരിക്കാൻ  സാദ്ധ്യമല്ല. കുറ്റം തെളിഞ്ഞാൽ കാനോൻ നിയമമനുസരിച്ച് പരമാവധി അവരെ വൈദീകവൃത്തിയിൽനിന്നോ അങ്ങേയറ്റം സഭയിയിൽനിന്നും പുറത്താക്കാൻ മാത്രമേ സഭയ്ക്കു സാധിക്കൂ. ആഭ്യന്തര അന്വേഷണ ഫലം പ്രതികൂലമെങ്കിൽ പ്രതികളായ വൈദീകർക്ക് സഭയ്ക്കു നൽകാവുന്ന പരമാവധി ശിക്ഷ നൽകണം. അക്കാര്യത്തിൽ ആർക്കും എതിരഭിപ്രായമില്ല. പക്ഷേ അന്വേഷണം പൂർത്തിയാകുന്നതുവരെ അവരെ നിരപരാധികൾ എന്നു വാഴ്ത്തുന്നതും പ്രതികൾ എന്നു വിശേഷിപ്പിക്കുന്നതും ശരിയല്ല. അതു കാനോൻ നിയമത്തിനും നിയമ ശാസ്ത്രത്തിനും വിരുദ്ധമാണ്. കുറ്റം തെളിഞ്ഞാൽ യാതൊരു ദാക്ഷണ്യവും കൂടാതെ പരമാവധിശിക്ഷ തന്നെ നല്കണം.

നീതിന്യായവ്യവസ്ഥ ശിക്ഷകൾ നൽകുന്നത് രണ്ട് ഉദ്ദേശത്തോടയാണ്. ഒന്നാമത്, ചെയ്ത കുറ്റത്തിനു വ്യക്തിക്കുള്ള ശിക്ഷ. രണ്ടാമത്, ഇത്തരം കുറ്റം ചെയ്താൽ സംഭവിക്കുന്നത് എന്തെന്ന് സമൂഹത്തിനു മാതൃക കാണിച്ച് അവരെ അത്തരം ചെയ്തികളിൽനിന്നും പിന്തിരിപ്പിക്കുക. പൗലൂസ് ശ്ലീഹാ പറയുന്നതും ഇതു തന്നെയാണ്. ...*മറ്റുള്ളവർക്കും ഭയം ഉണ്ടാകേണ്ടതിനായി പാപം ചെയ്യുന്നവരെ എല്ലാവരുടെയും മുമ്പിൽവെച്ച് ശാസിക്കുക*...(1.  തീമോ. 5: 19 പശീത്താ). അതായത്, ശിക്ഷണ നടപടികൾ സുന്നഹദോസിന്റെ നാലു ചുവരുകൾക്കുള്ളിൽ സൂക്ഷിക്കാനുള്ളതല്ലന്നു സാരം.